# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *6** **28/05/2019-ൽ മറുപടിയ്ക്ക്**

## കുട്ടികളുടെ നേരെയുള്ള അതിക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി.അൻവർ<br>" കെ.വി വിജയദാസ്<br>" പുരുഷൻ കടലുണ്ടി<br>ശ്രീമതി. യു. പ്രതിഭ | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സ്വഗൃഹത്തിൽ നിന്നുപോലും കുട്ടികൾക്കെതിരെ അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യ-ത്തിൽ ഇത് തടയാൻ ഫലപ്രദമായ നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധിച്ചിരുന്നോ; | (എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് ബാലനീതി നിയമവും പോക്സോ ആക്ടും രാജ്യത്ത് നിലവിലുള്ളതിനാൽ, ഇക്കാര്യത്തിനായി സംസ്ഥാന തലത്തിൽ പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല. ബാലനീതി നിയമം, പോക്സോ ആക്ട് എന്നിവ ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാനത്ത് നടക്കുന്ന കുട്ടികൾക്കു നേരെയുള്ള അതിക്രമം ബഹുഭൂരിപക്ഷവും കുടുംബങ്ങളിൽ-ത്തന്നെയാണ് നടക്കുന്നത്. 90% പോക്സോ കേസുകളും കുട്ടിയ്ക്ക് അറിയാവുന്നവരിൽ നിന്നോ അല്ലെങ്കിൽ കുട്ടികളുടെ രക്ഷിതാക്കൾ ആകേണ്ടവരിൽ നിന്നോ ആണ്. ഈ സ്ഥിതി വിശേഷം ഒഴിവാക്കാനായി സർക്കാർ രണ്ട് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2013 - ൽ അഞ്ച് ഗവൺമെന്റ് സെക്രട്ടറിമാർ ചേർന്ന് തയ്യാറാക്കിയ ഷെഫീക്ക് കമ്മിറ്റി |

ശുപാർശകൾ പ്രകാരം അക്രമണത്തിന് വിധേയരാക്കാൻ സാദ്ധ്യതയുള്ള കുട്ടികളെ കണ്ടെത്തി, അവർക്ക് പരിരക്ഷ നൽകുന്നതിന് "വൾനറബിലിറ്റി മാപ്പിംഗ് സർവ്വേ" എന്ന ബൃഹത് പരിപാടി ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തെ അംഗൻവാടികൾ മുഖാന്തിരം നടത്തുകയാണ്. രണ്ടാമതായി ഐക്യരാഷ്ട്രസംഘടന ആഹ്വാനം ചെയ്തിട്ടുള്ള ഗ്ലോബൽ പേരന്റിംഗ് ഡേ ആയ ജൂൺ 1 -ന് ആരംഭിച്ച് ശിശുദിനം ആയ നവംബർ 14-ന് അവസാനിക്കുന്ന പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെയുള്ള വിവിധ പരിപാടികൾ ഉള്ള **'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി'** എന്ന ബൃഹത് ക്യാമ്പയിനും ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ഇത് കൂടാതെ നിലവിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങിയ വിവിധ സംവിധാനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിച്ച് അവയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഓരോ ജില്ലയിലും ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപീകരിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ബാലാവകാശ കമ്മീഷനിലെ എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) ജില്ലാതല ബാലാവകാശ സംരക്ഷണ സമിതികളുടേയും ബാലാവകാശ കമ്മീഷന്റേയും പ്രവർത്തനം കൂടുതൽ ശാക്തീ- | (ബി) സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ മാർഗരേഖ പ്രകാരം എല്ലാ ജില്ലകളിലും കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി |

| | |
|---|---|
| കരിച്ച് കുട്ടികളുടെ നേരയുള്ള അതിക്രമം സമൂഹത്തിന്റെ കൂടി പങ്കാളിത്തത്തോടെ നിയന്ത്രി-ക്കാൻ ജാഗ്രത പുലർത്തുണ്ടോ; ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം വിശദീകരിക്കാമോ ; | ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ജില്ലാ തല ബാലാവകാശ സംരക്ഷണ കമ്മിറ്റികളും, ബ്ലോക്ക് ലെവൽ ബാലാവ-കാശസംരക്ഷണ കമ്മിറ്റികളും പഞ്ചായത്ത് ലെവൽ ബാലാവകാശ സംരക്ഷണ കമ്മിറ്റികളും രൂപീകരിക്കുകയും ടി കമ്മിറ്റികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് തലത്തിൽ യോഗങ്ങൾ കൂടുകയും ബാലസംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുന്നുണ്ട്. ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജുവനൈൽ ജസ്റ്റീസ് ആക്ട് 2015 അനുസരിച്ച് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടേയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടേയും വിഷയത്തിൽ ശ്രദ്ധ പുലർത്തുകയും വിവിധ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.<br>അതോടൊപ്പം പ്രാദേശികമായ ആവശ്യകതയും പ്രത്യേകതയും കണക്കിലെടുത്ത് നൂതന പ്രോജക്ടുകൾ, പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് അടിസ്ഥാനത്തിലോ, ജില്ലാ അടിസ്ഥാന-ത്തിലോ നടപ്പിലാക്കുവാൻ സാധ്യതയുള്ള ഇടങ്ങളിൽ അത്തരം നടപടികൾ സ്വീകരിക്കുന്നതിനും ബാലാവകാശ സംരക്ഷണ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) അങ്കണവാടികൾ ഉൾപ്പെടെ-യുള്ള ശിശുപരിപാലന സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യംമെച്ചപ്പെടുത്തുന്നതിനും ഫലത്തിൽ സ്കൂളുകളായി മാറിയ കിന്റർഗാർട്ടനുകളുടെ പ്രവർ-ത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരി- | (സി) സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിന് കീഴിൽ 33115 അങ്കണവാടികളും 484 ക്രഷുകളും ഇതരസംസ്ഥാന തൊഴിലാളി-കളുടെ കുട്ടികൾക്കായി 9 മൊബൈൽ ക്രഷുകളും പ്രവർത്തിച്ച വരുന്നുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കുട്ടികളുടെ ശാരീരിക - മാനസിക വികസനത്തിന് ഊന്നൽ നൽകുന്ന ഒരു പഠനരീതി നടപ്പാക്കുന്നതിന്റെ |

| | |
|---|---|
| ക്കാൻ സാധിക്കുമോയെന്ന് അറിയിക്കുമോ ? | ഭാഗമായി ആധുനിക സംവിധാനങ്ങളോടു കൂടിയ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ആയതിലേയ്ക്കുള്ള പ്ലാൻ, പൊതുവായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. 218 അങ്കണവാടികൾക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ക്രഷുകളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് കേന്ദ്രസർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ക്രഷുകൾ പ്രവർത്തിക്കുന്നത്.<br><br>സ്കൂളുകളായി മാറിയ കിന്റർഗാർട്ട-ണുകളുടെ കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഡേ കെയർ സെന്റർ, ക്രഷുകൾ, പ്ലേ സ്കൂൾ തുടങ്ങിയ വിവിധ പേരുകളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെമേൽ പഠനഭാരം അടിച്ചേൽപ്പിക്കുന്ന പ്രവണത-യുള്ളതായും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം ഒഴിവാക്കി 5 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികളെ കൈകാര്യം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളേയും ഒരു നിയമത്തിന് കീഴിൽ കൊണ്ടുവന്ന് കുട്ടികളുടെ മാനസിക-ശാരീരിക ആരോഗ്യത്തെ പുഷ്ടിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ മാത്രമേ ഈ സ്ഥാപനങ്ങളിൽ നടക്കുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനായി നിയമ നിർമ്മാണ-ത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു വരുന്നു. മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയ നിയമങ്ങളും ദേശീയ ബാലാവകാശ കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങൾ നൽകിയ നിർദ്ദേശങ്ങളും പരിശോധിച്ച് |

കുട്ടികൾക്ക് അവരുടെ ചെറുപ്രായത്തിൽ ലഭിക്കേണ്ട എല്ലാ പരിലാളനങ്ങളും ഇല്ലാതാക്കുന്ന ഒരു നടപടിയും ടി സ്ഥാപനങ്ങൾ നടപ്പിലാക്കരുത് എന്ന ഉദ്ദേശത്തിലാണ് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**